GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471-2318186, 2317314

**Press Release**

**PR.74/2025** **30.07.2025**

## കേര പദ്ധതി: ശില്പശാല ഉദ്ഘാടനം കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബി. അശോക് ഐ.എ.എസ്. നിർവ്വഹിച്ചു.

തിരുവനന്തപുരം: കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, വ്യവസായ വാണിജ്യ വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ്, മണ്ണ് പര്യവേക്ഷണ - മണ്ണ് സംരക്ഷണ വകുപ്പ്, കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ, കിൻഫ്രാ, സ്റ്റാർട്ടപ്പ് മിഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ തിരഞ്ഞെടുത്ത ഉദ്യോഗസ്ഥർക്കായി നടത്തി വരുന്ന മാസ്സ് സെൻസിടൈസേഷൻ പ്രോഗ്രാം ഉദ്ഘാടനം കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി & കാർഷികോല്പാദന കമ്മീഷനേർ ഡോ. ബി. അശോക് ഐ.എ.എസ്. തിരുവനന്തപുരം ഡിമോറ ഹോട്ടലിൽ നിർവ്വഹിച്ചു. നബാർഡ് സി.ജി.എം. നാഗേഷ് കുമാർ അനുമല മുഖ്യ പ്രഭാഷണം നടത്തി. കാലാവസ്ഥ വ്യതിയാനം മൂലം പരിസ്ഥിതിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസൃതമായി വിഭാവന ചെയ്ത് നടപ്പിലാക്കുന്ന പദ്ധതിയുടെ പ്രാധാന്യത്തെ അദ്ദേഹം അഭിനന്ദിച്ചു. കർഷകർക്കും / കർഷക ഗ്രൂപ്പുകൾക്കും അഗ്രി ബിസിനസിനുമിടയിൽ സുസ്ഥിര ഉൽപാദന സഖ്യങ്ങളുടെ (Productive Alliance) രൂപീകരണത്തിനായി തയ്യാറാക്കിയ പോർട്ടൽ (pa.kera.kerala.gov.in) തദവസരത്തിൽ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അനാച്ഛാദനം ചെയ്തു. പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിൽ നിന്നും അനുയോജ്യരായ കർഷക ഉത്പാദക കമ്പനികളെയും കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളെയും പരസ്പരം ബന്ധിപ്പിക്കുന്നതിലൂടെ ഉത്പാദക സഖ്യങ്ങൾ ഉണ്ടാകുകയും ഇത്

കാർഷിക മേഖലയിലെ മൂല്യ ശൃംഖല ശക്തിപ്പെടുത്തുവാൻ സഹായകരമാവുകയും ചെയ്യും. ജൂലൈ 28 മുതൽ ആഗസ്റ്റ് 1 വരെ തീയതികളിലായി നടന്നു വരുന്ന പരിശീലന പരിപാടിയിൽ പദ്ധതിയിൽ പങ്കാളികളാകുന്ന വിവിധ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ പങ്കെടുത്തു വരുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ജനറൽ മാനേജർ സുശീൽ കുമാർ, കേരള കാർഷിക സർവകലാശാല വെള്ളായണി കാർഷിക കോളേജ് ഡീൻ ഡോ. റോയ് സ്റ്റീഫൻ ലോക ബാങ്ക് പ്രതിനിധി സോണി തോമസ് തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്ത് സംസാരിച്ചു. കേര പദ്ധതി ഇൻഡസ്ട്രീസ് സ്പെഷ്യലിസ്റ്റ് ശ്യാം കൃഷ്ണൻ യോഗത്തിന് കൃതജ്ഞത അർപ്പിച്ചു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**